# ലാ സെലെറ്റിലെ നമ്മുടെ അമ്മ

ഫ്രാൻസിൽ ഫ്രഞ്ച് ആൽപിനെതിരെ കിടക്കുന്ന ഒരു ഗ്രാമമാണ് ലാ സെലെറ്റ്. അവിടെ കുന്നിന്റെ പുൽതകിടിയിൽ 1846 സെപ്റ്റംബർ 19ന് ഉച്ചസമയത്ത് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. നഗരത്തിൽനിന്നും ഒറ്റപ്പെട്ട് കിടക്കുന്ന ഒരു ഗ്രാമമായിരുന്നു അത്. എങ്കിലും ഫ്രാൻസിൽ അക്കാലത്തുണ്ടായ മാറ്റങ്ങൾ ഈ ഗ്രാമത്തേയും സ്വാധീനിച്ചിരുന്നു. പുതിയ ആശയങ്ങളുടേയും, ചിന്താഗതികളുടേയും കാലഘട്ടമായിരുന്നു അത്. ജീവിതത്തിന്റെ എല്ലാ തുറകളിലും അത് വിപ്ലവ കാലഘട്ടമായിരുന്നു. വിശ്വാസത്തിനെതിരെയും ഇത് പ്രതികൂലമായി ബാധിച്ചിരുന്നു. മതപീഡന കാലഘട്ടമായിരുന്നു. ഭക്തിയുടെ ലവലേശം പോലും ജനങ്ങൾക്കില്ലായിരുന്നു. ഞായറാഴ്ച കുർബ്ബാനയ്ക്കു പോലും കർഷകർ പോയിരുന്നില്ല എന്നു മാത്രമല്ല, ദൈവനാമം ബഹുമാനമില്ലാതെ ഉപയോഗിക്കുക അവരുടെ പതിവുമായിരുന്നു.

കുന്നുകൾക്കും, മേച്ചിൽ സ്ഥലങ്ങൾക്കുമിടയിൽ പുല്ലിൽ രണ്ട് കുട്ടികൾ ഉറങ്ങുകയായിരുന്നു. സമുദ്രനിരപ്പിൽ നിന്ന് 6000 അടി ഉയരമുള്ള ഈ പ്രദേശത്ത് ഏകാന്തതയുടെയും സമാധാനത്തിന്റെയും അന്തരീക്ഷമുണ്ടായിരുന്നു. 11 വയസ്സു പ്രായമുള്ള മാക്സിമിൻ ഗിരാഡും, 14 വയസ്സുള്ള മെലാനി കൽവെറ്റും തങ്ങളുടെ യജമാനന്മാരുടെ പശുക്കളെ മേയ്ക്കുകയായിരുന്നു. മിലാനി പാവപ്പെട്ട ഒരു കുടുംബത്തിലെ 10 മക്കളിൽ 4-ാമത്തവളായിരുന്നു. രണ്ടു പേർക്കും വായിക്കാനോ എഴുതാനോ അറിയുമായിരുന്നില്ല. രണ്ടു പേരും സ്കൂളിലോ, വേദപാഠത്തിനോ പോയിരുന്നില്ല. പശുക്കളെ മേയ്ക്കുന്നതിനിടയിൽ അവർ ഉറങ്ങിപ്പോയി.

## ലാസെലെറ്റിലെ സുന്ദരിയായ യുവതി

മെലാനി എങ്ങനെയോ പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഉണർന്നു. അവൾ മേയിച്ചുകൊണ്ടിരുന്ന കന്നുകാലികളെക്കുറിച്ച് പെട്ടെന്നാണ് ഓർമ്മയിൽ വന്നത്. അവൾ മാക്സിമിനെ വിളിച്ചു. മെലാനി, പെട്ടെന്ന് ഒരു ഇടിവെട്ടിന്റെ പോലുള്ള ശബ്ദം കേട്ടു. അവർ നിൽക്കുന്നതിന് കുറെ അകലെ താഴെ ഒരു പ്രകാശഗോളം കണ്ടു. സൂര്യനേക്കാൾ പ്രകാശമുണ്ടായിരുന്നു അതിന്. പേടിച്ചരണ്ട കുട്ടികൾ ഓടി രക്ഷപ്പെടാൻ നോക്കി. അപ്പോൾ പെട്ടെന്ന് പ്രകാശവലയം തുറക്കപ്പെടുകയും ഒരു സ്ത്രീയുടെ രൂപം കാണാറാകുകയും ചെയ്തു. താടിക്കും കയ്യും കൊടുത്ത് വലിയ ദുഃഖത്തോടെ ആ സ്ത്രീ വിതുമ്പി കരയുകയായിരുന്നു. കുട്ടികൾ ഓടിപോകുന്നതിനുമുമ്പ് സ്ത്രീ എഴുന്നേറ്റ് നെഞ്ചത്ത് കൈകൾ കുരിശാകൃതിയിൽ പിടിച്ച് കുട്ടികൾക്ക് അഭിമുഖമായി നിന്നു.

അവളുടെ ശരീരം മുഴുവൻ പ്രകാശമായിരുന്നു. അവിടുത്തെ ഗ്രാമത്തിലെ കർഷകസ്ത്രീകളെ പോലെ വസ്ത്രം ധരിച്ചിരുന്നു. വലിയ ഉടുപ്പിന്റെ മുകളിൽ മേൽവിരിപ്പും ഷോളും ശിരോവസ്ത്രവും ഉണ്ടായിരുന്നു. തലയിലും വെള്ള ഷോളിലും ഷൂവിലും റോസാപുഷ്പങ്ങൾ ഉണ്ടായിരുന്നു. കഴുത്തിലിട്ടിരുന്ന ചെയിനിൽ ക്രൂശുരൂപമുണ്ടായിരുന്നു.

## സന്ദേശം

സുന്ദരിയായ യുവതി കുട്ടികളുടെ നേരെ കുനിഞ്ഞ് പറഞ്ഞു. “എന്റെ അടുത്തു വരിക, ഭയപ്പെടേണ്ട, ഞാൻ ഇവിടെ വന്നിരിക്കുന്നത് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറയാനാണ്.” കുട്ടികൾ അടുത്തു വന്നു. അവൾ പറഞ്ഞു. “ജനങ്ങൾ അനുസരിച്ചില്ലെങ്കിൽ എന്റെ മകന്റെ ശക്തമായ കരങ്ങൾ അവരുടെ മേൽ വീഴും. ഞാൻ നിങ്ങൾക്കുവേണ്ടി എത്ര സഹിക്കും? ആഴ്ചയിൽ 6 ദിവസങ്ങൾ പ്രവൃത്തി ദിവസങ്ങളാണല്ലോ. 7-ാം ദിവസം ദൈവത്തിനു വേണ്ടി മാറ്റിവെയ്ക്കേണ്ട ദിവസമാണ്. എന്നാൽ ആരും അത് ചെയ്യുന്നില്ല.

വണ്ടിയുടെ ഡ്രൈവർമാർ എന്റെ മകന്റെ പേര് (യേശു) പറയാതെ ആണയിടാറില്ല. ഈ രണ്ടു കാര്യങ്ങളും എന്റെ മകനെ വേദനിപ്പിക്കുന്നു.

കൃഷി നശിച്ചാലും അവർ എന്റെ മകനെ കുറ്റപ്പെടുത്തുന്നു. ഒരു വലിയ ക്ഷാമമുണ്ടാകും. എന്നാൽ അത് തുടങ്ങുന്നതിനു മുമ്പ് ഏഴ് വയസ്സിന് താഴെയുള്ള കുട്ടികൾ മരിക്കും. ബാക്കി

യുള്ള മുതിർന്നവർ വിശപ്പു മൂലം തങ്ങളുടെ പാപങ്ങൾക്ക് ശിക്ഷിക്കപ്പെടും. മുന്തിരിച്ചെടി ഫലം നൽകില്ല.” വേദനയോടെ പരിശുദ്ധ അമ്മ പറഞ്ഞു നിർത്തി.

യുവതി കുട്ടികളോട് അവർ നന്നായി പ്രാർത്ഥന ചൊല്ലാറുണ്ടോ എന്നു ചോദിച്ചു. ഇല്ല എന്നു പറഞ്ഞു. യുവതി പറഞ്ഞു. “രാവിലേയും രാത്രിയും പ്രാർത്ഥിക്കണം. സമയമില്ലെങ്കിൽ ഒരു സ്വർഗ്ഗസ്ഥനായ പിതാവും ഒരു നന്മനിറഞ്ഞ മറിയവും ചൊല്ലണം. എന്നിട്ട് സമയം കിട്ടുമ്പോൾ കൂടുതൽ ചൊല്ലണം.”

വീണ്ടും യുവതി സന്ദേശത്തിലേക്കു കടന്നു. വേനൽക്കാലത്ത് കുറച്ച് സ്ത്രീകൾ മാത്രമെ പള്ളിയിൽ പോകുന്നുള്ളൂ. മറ്റുള്ളവർ ഞായറാഴ്ച കൂടി ജോലി ചെയ്യുന്നു. ശൈത്യകാലത്ത് അവർ പള്ളിയിൽ പോകും. മതത്തെ പരിഹസിക്കാനാണ് അവർ പോകുന്നത്. പിന്നെ ഇറച്ചിക്കടയിൽ തടിച്ചുകൂടും.

തുടർന്ന് യുവതി മാക്സിമിന്റെ ജീവിതത്തിൽ മുമ്പ് നടന്ന ഒരു സംഭവം വിവരിച്ചു. അതിശയത്താൽ മാക്സിമിൻ അതു ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി.

പിരിയുന്നതിനു മുമ്പ് യുവതി പറഞ്ഞു. “കുട്ടികളെ നിങ്ങൾ ഇത് എന്റെ ജനത്തെ അറിയിക്കണം.” അവൾ അപ്രത്യക്ഷപ്പെടാൻ തുടങ്ങി. അവൾ പോകുന്നെന്നു മനസ്സിലായപ്പോൾ കുട്ടികൾ അവൾക്കു പിന്നാലെ ഓടി. മലയുടെ മുകളിലെത്തിയപ്പോൾ അവൾ തെക്ക് കിഴക്കെ ഭാഗത്തേക്ക് റോമിന്റെ ഭാഗത്തേക്കു മറഞ്ഞുപോയി. അവൾ കരച്ചിൽ നിർത്തിയിരുന്നെങ്കിലും, അവളുടെ മുഖം മ്ലാനമായിരുന്നു. മാക്സിമിൻ പറയുന്നു. “അവളെ പിന്നെ കണ്ടിട്ടില്ല. ശരീരം ഉരുകി ഇല്ലാതാകുന്നതുപോലെയാണ് യുവതി അപ്രത്യക്ഷമായത്. യുവതി വലിയൊരു വിശുദ്ധയായിരിക്കാം.”

മാതാവിന്റെ ഈ പ്രത്യക്ഷീകരണം ലോകം മുഴുവൻ അറിഞ്ഞു. മെലാനിയുടെ യജമാനന്റെ അമ്മ ബാപ്റ്റിസ്റ്റ് പ്രാ, “അവൾ ശരിക്കും പരിശുദ്ധ കന്യകാമറിയമാണ്” എന്നു സാക്ഷ്യപ്പെടുത്തി.

ലാ സെലെറ്റിലെ ഇടവക വൈദികൻ ഫാ. ലൂയി പെറ ഇൻ ആദ്യകാലത്തുതന്നെ ഈ സംഭവം വിശ്വസിച്ചിരുന്നു. കുർബ്ബാനമദ്ധ്യേ തന്റെ സഭാംഗങ്ങളെ വൈദികൻ അത് അറിയിച്ചിരുന്നു. എന്നാൽ കോർപസിലെ ഇടവകവികാരി ശ്രദ്ധാപൂർവ്വം കാര്യങ്ങൾ വീക്ഷിക്കുകയും അതിനെക്കുറിച്ച് പഠിക്കുവാൻ സമയം കണ്ടെത്തുകയും ചെയ്തു. അദ്ദേഹം ഒരിക്കൽ കുട്ടികളോടൊത്ത് അത്ഭുത അരുവിയുടെ അടുത്തെത്തി. അമ്മ പ്രത്യക്ഷപ്പെട്ട മലയിടുക്കിൽ എല്ലാവരും കൂടി കൊന്ത ചൊല്ലാൻ തുടങ്ങി. പാറയുടെ ഒരു കഷണം കൂട്ടത്തിലൊരാൾ പൊട്ടിക്കാനിട വന്നു. പെട്ടെന്ന് അവിടെനിന്നും ഒരു നീരുറവ പുറപ്പെട്ടു. പണ്ട് ഇവിടെ വെള്ളമുണ്ടാവാറുണ്ടെങ്കിലും, അത് ശക്തമായ മഴയ്ക്കു ശേഷമായിരുന്നു. എന്നാൽ മഴയില്ലാത്ത സമയത്ത് ധാരാളം വെള്ളം അവിടെനിന്ന് ഒഴുകുവാൻ തുടങ്ങി. ഇതിൽ വന്ന ജലം നഗരത്തിലെ രോഗബാധിതയായിരുന്ന ഒരു സ്ത്രീക്കു നൽകി. വർഷങ്ങളോളം അവൾ ഗുരുതരമായ രോഗം ബാധിച്ച് കിടക്കുകയായിരുന്നു. പരിശുദ്ധ അമ്മയോട് 9 ദിവസം പ്രാർത്ഥിച്ചപ്പോൾ അവളുടെ രോഗം നിശ്ശേഷം വിട്ടുമാറുകയും പൂർണ്ണ ആരോഗ്യവതിയായി തീരുകയും ചെയ്തു.

ചിലർ കുട്ടികൾക്കുണ്ടാകുന്ന ഈ ദർശനങ്ങളെ വിമർശിച്ചപ്പോഴും, അതിനേക്കാൾ പതിന്മടങ്ങായിരുന്നു അവിടേയ്ക്കുള്ള വിശ്വാസികളായ തീർത്ഥാടകരുടെ പ്രവാഹം. ഏറ്റവും അതിശയകരമായ കാര്യം എന്താണെന്നോ? ലാ സലെറ്റിൽ പരിശുദ്ധ അമ്മ നിഷ്കർഷിച്ചതായ സാമ്പത്താചരണം ശക്തമാകാൻ തുടങ്ങി. ധാരാളം ആളുകൾ കുമ്പസാരത്തിനായി തടിച്ചുകൂടി. അവർ തുടർച്ചയായി ആ മലയിടുക്കിൽ വന്ന് പ്രാർത്ഥിക്കാനും അവിടുത്തെ വെള്ളം കുടിക്കുവാനും പരിശുദ്ധ കുർബ്ബാന സ്വീകരിക്കാനും തിടുക്കം കാട്ടി.

ഈ ദർശനത്തിന്റെ ആദ്യത്തെ വാർഷിക ദിനത്തിൽ, 1847 സെപ്റ്റംബർ 19ന് ഏകദേശം അറുപതിനായിരത്തോളം ആളുകൾ ആ മലയിൽ ഒന്നിച്ചുകൂടി. അവർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കാൻ ആർക്കും സാധിച്ചില്ല. ചിലർ തുറന്ന വയലുകളിലാണ് കിടന്നുറങ്ങിയത്.

ആ പ്രദേശത്തെ ബിഷപ്പ് ദർശനങ്ങളെക്കുറിച്ച് വിശകലനം ചെയ്യാനും, സൂക്ഷ്മമായി പരി

ശോധിക്കാനും തുടങ്ങി. രൂപത ബിഷപ്പ് ഫിലിബേർട്ട് ഡി ബ്രുല്ലാർഡ് ഇതിനുവേണ്ടി അക്ഷീണം പരിശ്രമിച്ചു. രണ്ട് കുട്ടികളും, തങ്ങൾക്കു കിട്ടിയ ദർശനങ്ങളെക്കുറിച്ച് കൂടുതൽ തറപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവിടെ പോയി സുഖം പ്രാപിച്ചവരേയും പരിശോധനകൾക്കു വിധേയമാക്കി. 5 വർഷത്തെ പഠനത്തിനും, വിശകലനത്തിനും ശേഷം, ബിഷപ്പ് ലാ സലറ്റിലെ അമ്മയെക്കുറിച്ച് ഒരു പ്രസ്താവന ഇറക്കി. 1851 നവംബർ 16-ാം തിയ്യതി രൂപതയിലെ എല്ലാ ഇടവകകളിലും ഈ പ്രസ്താവന വായിച്ചു.

അതിൽ ഇങ്ങനെ പറയുന്നു - ലാ സെലറ്റിൽ 1846 സെപ്റ്റംബർ 19ന് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു എന്നത് സത്യവും, ശരിയ്ക്കും വിശ്വാസയോഗ്യവുമാണ്.

1855 സെപ്റ്റംബറിൽ ഗ്രെനോബളിലെ പുതിയ ബിഷപ്പ് പറഞ്ഞു. "കുട്ടികളുടെ ദൗത്യം, അവസാനിച്ചു. എന്നാൽ സഭയുടെ ദൗത്യം ആരംഭിച്ചിട്ടേ ഉള്ളൂ." . കത്തോലിക്ക സഭ ഈ ദർശനങ്ങളെയും സന്ദേശങ്ങളെയും പൂർണ്ണമായും വിശ്വസിക്കുന്നു.